mathrubhumi

മാതൃഭൂമി

# വായനയുടെ കാവലാൾ അങ്കിൾമൂസ ഇവിടെയുണ്ട്... യഹൗ്യയ വായന കുട്ടികളിൽ അടിച്ചേൽപ്പിക്കേണ്ടതല്ല. ക്രിയാത്മകമായി കുട്ടികളിൽ ഉണ്ടാവേണ്ട അനുഭവമാണ്. വായനാശീലം കുട്ടികളിൽ വളർത്തുന്നതിനായി പ്രചോദനത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ...

September 24, 2017, 01:00 AM IST

**കോട്ടയ്ക്കൽ:** വായനയുടെ ലോകത്തേക്ക് ഒരുപറ്റം കുട്ടികളെ തുറന്നുവിട്ടതിന്റെ പുഞ്ചിരിയാണ് അങ്കിൾ മൂസയുടെ മുഖമുദ്ര. അരുണാചലിലെ മൂന്നുതലമുറ വളർന്നത് തൃശ്ശൂരുകാരനായ സത്യനാരായണൻ മുണ്ടയൂരിന്റെ കഥകളും വായനയും കേട്ടാണ്. സ്കൂളും പാഠപുസ്തകങ്ങളും അന്യമായിരുന്ന അടിസ്ഥാനസൗകര്യങ്ങളൊന്നും എത്തിയിട്ടില്ലാത്ത അരുണാചലിലെ ലോഹിത് ജില്ലയിലെ ഗ്രാമങ്ങളിലെ ആദിവാസിക്കുട്ടികൾക്ക് അധ്യാപകനായെത്തിയ സത്യനാരായണൻ 'അങ്കിൾ മൂസ'യായി. 13 ഗ്രന്ഥശാലകളടങ്ങുന്ന ലോഹിത് യൂത്ത് ലൈബ്രറി മൂവ്മെന്റിന് പിന്നിൽ അങ്കിൾമൂസയുടെ വർഷങ്ങളായുള്ള പരിശ്രമമുണ്ട്. വൈദ്യുതിയും റോഡ് സൗകര്യങ്ങളുമില്ലാതെ ഉൾഗ്രാമങ്ങളിൽ ലോഹിത് യൂത്ത് ലൈബ്രറി മൂവ്മെന്റിലൂടെ അറിവിന്റെ വെളിച്ചം പരക്കുകയായിരുന്നു. കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ തണലിലിരുന്ന് നാലുപതിറ്റാണ്ടിന്റെ വായനയുടെ അനുഭവം പങ്കുവെക്കുകയായിരുന്നു അങ്കിൾ മൂസ. ചട്ടക്കൂടുകൾക്കുള്ളിൽ നിശ്ചിതസമയം മാത്രം പ്രവർത്തിക്കുന്ന വായനശാലകളല്ല കുട്ടികളുടെ സർഗശേഷിക്കാവശ്യം എന്ന തിരിച്ചറിവിൽനിന്നാണ് വികേന്ദ്രീകൃത ലൈബ്രറി എന്ന ആശയത്തിലേക്ക് അങ്കിൾമൂസ എത്തുന്നത്. ശമ്പളംകൊടുത്ത് ലൈബ്രേറിയനെ വെച്ചാൽ കുട്ടികളിൽ വായനാശീലം ഉണ്ടാക്കാനാവില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അതുകൊണ്ടുതന്നെ താത്പര്യമുള്ളവരെ കണ്ടെത്തി വായനശാലകളുടെ ചുക്കാൻ ഏൽപ്പിച്ചു. ഔപചാരിക വിദ്യാഭ്യാസം അന്യമായിരുന്ന ആദിവാസിക്കുട്ടികളെ വിദ്യാഭ്യാസത്തിലേക്കെത്തിക്കാൻ വായനയുടെലോകം അവർക്കായി പരിചയപ്പെടുത്തി. കഥപറച്ചിലിലൂടെയും കവിതാപാരായണത്തിലൂടെയും പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരത്തിലൂടെയും അദ്ദേഹം കുട്ടികളെ പുസ്തകങ്ങളുമായി അടുപ്പിച്ചു. ഇഷ്ടാനുസരണം പുസ്തകങ്ങൾ വായിക്കുവാനും എഴുതുവാനുമുള്ള സൗകര്യങ്ങൾ കുട്ടികൾക്കായി ഒരുക്കി. ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റിലൂടെയും മറ്റ് വിദേശസംഘടനകളിലൂടെയും കിട്ടാവുന്നത്ര

പുസ്തകങ്ങൾ ശേഖരിച്ച് ലോഹിതിലെ സ്കൂളുകളിലെത്തിച്ചു. കൂടുതൽ ആളുകളിലേക്ക് വായന എത്തിക്കുന്നതിനായി വൊളന്റിയർമാരെയും അധ്യാപകരെയും പരിശീലിപ്പിച്ച് പുസ്തകപ്രദർശനവും കഥപറച്ചിലും പുസ്തകവായനയും സംഘടിപ്പിച്ചു. വായന കുട്ടികളിൽ അടിച്ചേൽപ്പിക്കേണ്ടതല്ല. ക്രിയാത്മകമായി കുട്ടികളിൽ ഉണ്ടാവേണ്ട അനുഭവമാണ്. വായനശീലം കുട്ടികളിൽ വളർത്തുന്നതിനായി പ്രചോദനത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. അതിനായി വൈകുന്നേരങ്ങളിലും സജീവമാകുന്ന വായനശാലകളാണ് നമുക്കു വേണ്ടത് എന്നതാണ് അങ്കിൾമൂസയുടെ അഭിപ്രായം.

View on mathrubhumi.com

**READ MORE MALAPPURAM STORIES:**


- നിലമ്പൂർ തേക്കിനെ അടുത്തറിയാൻ യാങ്കോൺ എക്കോസിന്റെ രചയിതാക്കളെത്തി
- നാഗ്പുരിൽ 'തീക്കാറ്റാ'യി ഹബീബ്
- കൊണ്ടോട്ടിയിൽ മതേതരമുന്നണിയിൽ വിള്ളൽ
- കേരളത്തിന്റെ വാസ്തുവിദ്യ പഠിക്കാൻ മലേഷ്യൻസംഘം മലപ്പുറത്ത്
- സി. സോൺ കലോത്സവം: മമ്പാട് എം.ഇ.എസും മഞ്ചേരി എൻ.എസ്.എസും കുതിക്കുന്നു
- അപൂർവരോഗബാധ രക്തസാംപിളുകൾ പരിശോധനയ്ക്കായി മണിപ്പാലിലേക്ക് അയയ്ക്കും


© Copyright Mathrubhumi 2016. All rights reserved.